LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി തടസ്സം

35 (380) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല ഇലക്ട്രിക്കൽ സെക്ഷന്റെ പ്രവർത്തനപരിധിയിലുള്ള ഞാലിക്കോണം, കരിങ്കാളിക്ഷേത്രംറോഡ് പ്രദേശങ്ങളിൽ ദിവസേന ദീർഘനേരം വൈദ്യുതി വിതരണം നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അപാകതയുടെ കാരണവും അത് എന്നത്തേക്ക് പരിഹരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. തിരുമല സബ്സ്റ്റേഷനിൽനിന്നും നേമം സെക്ഷനിലേയ്ക്ക് പോകുന്ന നേമം ഫീഡറിൽനിന്നാണ് തിരുമല സെക്ഷന്റെ പരിധിയിലുള്ള കുന്നപ്പുഴ, തൃക്കണ്ണാപുരം എന്നീ ട്രാൻസ്ഫോർമറുകളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത്. ടി ഫീഡർ ഓവർ ഹെഡ് ലൈൻ ആയതിനാൽ മഴക്കാലത്ത് വൈദ്യുതി തടസ്സം കൂടുതലാണ്. രണ്ട് സെക്ഷനുകളുടെ പരിധിയിൽ വരുന്നതിനാൽ ചില സമയങ്ങളിൽ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതിനും ചെറിയ കാലതാമസം വരാറുണ്ട്. വൈദ്യുതിതടസ്സം കുറയ്ക്കുന്നതിനായി പ്രസ്തുത ഓവർ ഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ R-APDRP-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ വൈദ്യുതി തടസ്സമുണ്ടാകുന്നത് പരിഹരിക്കപ്പെടുന്നതാണ്.

വൈദ്യുതി മുടക്കം

36 (381) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്ത് വൈദ്യുതി മുടങ്ങുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി പ്രീ-മൺസൂൺ ഒരുക്കങ്ങൾ കൃത്യമായി നടത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;